## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: T 2579** **05.11.2019-ൽ മറുപടിക്ക്**

### തെന്മല ഇക്കോ ടൂറിസം

| | **ചോദ്യം**<br>**ശ്രീ. എം. വിൻസെന്റ്** | | **മറുപടി**<br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| എ) | 2018-19 കാലയളവിൽ തെന്മല ഇക്കോ ടൂറിസം പ്രോജക്ടിൽ നിന്നും ആകെ ലഭിച്ച വരുമാനം എത്രയായിരുന്നെന്ന് അറിയിക്കാമോ; | എ) | പ്രൊവിഷനൽ ഓഡിറ്റ് കണക്ക് പ്രകാരം തെന്മല ഇക്കോ ടൂറിസം സൊസൈറ്റിയിൽ നിന്നു 2018 – 19 ൽ ലഭിച്ച വരുമാനം 1,71,83,006/- രൂപയാണ്. |
| ബി) | നിലവിൽ പ്രസ്തുത പ്രോജക്ടിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അതിൽ താൽക്കാലിക/കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിതരായവർ എത്രയെന്നും വെളിപ്പെടുത്താമോ; | ബി) | തെന്മല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റിയിൽ നിലവിൽ 57 പേർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ മൂന്നു പേരാണു താൽക്കാലിക വ്യവസ്ഥയിൽ തുടരുന്നത്.<br>തെന്മലയിലെ താമസ സൗകര്യ മേഖലയിൽ സേവനം നൽകിയിരുന്ന നാഷനൽ അഡ്വഞ്ചർ ഫൗണ്ടേഷൻ ആകസ്മികമായി പിൻവാങ്ങിയ ഘട്ടത്തിൽ അടുത്ത ടെൻഡർ നടപടി പൂർത്തിയാവുംവരെ, അവർ നിയോഗിച്ചിരുന്ന ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താൻ നൽകിയ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഇവർ താൽക്കാലിക വ്യവസ്ഥയിൽ തുടരുന്നത്. |
| സി) | താൽക്കാലിക ജീവനക്കാരെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | സി) | തെന്മല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി (ടി. ഇ. പി. എസ്.) നിലവിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നില്ല. |
| ഡി) | ഇവിടെ എത്തുന്ന സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അതിലൂടെ വരുമാന വർദ്ധനവ് നേടുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഡി) | തെന്മലയിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്താനായി ആർക്കിടെക്റ്റുമാരായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച മാസ്റ്റർ പ്ലാനിന് ടി. ഇ. പി. എസ്.-ന്റെ ജനറൽ ബോഡി അംഗീകാരം നൽകിയിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാവും മേഖലയിൽ ഭാവി വികസന പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുക. |

സെക്ഷൻ ഓഫീസർ